**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208 — 04.05.2017 -ൽ മറുപടിക്ക്

# സാഹസിക വിനോദസഞ്ചാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. വി. ജോയി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സാഹസിക വിനോദ സഞ്ചാരത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) • കേരളത്തിലെ സാഹസിക വിനോദ സഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, വയനാട് ജില്ലയിലെ കർലാട് എന്നിവിടങ്ങളിൽ അഡ്വഞ്ചർ ടൂറിസം പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.<br>• സാഹസിക വിനോദത്തിന് ഉതകുന്ന മേഖലകളായ തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, കൊല്ലം ജില്ലയിലെ തെന്മല, വയനാട് ജില്ലയിലെ പൊഴുതന, മാനന്തവാടി എന്നിവിടങ്ങളിൽ അന്താരാഷ്ട്ര മൗണ്ടൻ ബൈക്ക് ചലഞ്ച് MTB Kerala സംഘടിപ്പിച്ചു. MTB Kerala യുടെ അഞ്ചാം പതിപ്പ് തിരുവനന്തപുരം ജില്ലയിലെ പൊന്മുടിയിൽ 2017-ൽ നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• ഇടുക്കിയിലെ വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. |

- അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ റിവർ ഫെസ്റ്റിവൽ 2014, 2015 തുടങ്ങിയ വർഷങ്ങളിൽ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും സംഘടിപ്പിച്ചു.

| | |
|---|---|
| ബി) സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമായ കേരളത്തിന്റെ ഭൂപ്രകൃതി പരമാവധി ഉപയോഗപ്പെടുത്തി പ്രസ്തുത മേഖല വികസിപ്പിക്കുന്നതിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) എങ്കിൽ പ്രസ്തുത സൊസൈറ്റി നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | സി) കേരളത്തിന്റെ സാഹസിക വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാനത്തിൽ പലയിടങ്ങളിലായി അഡ്വഞ്ചർ പാർക്കുകൾ അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന സജ്ജീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം International mountain biking competition, MTB Kerala, Malabar River Festival, Para Gliding എന്നീ സാഹസിക വിനോദങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.